## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5606 06/07/2012-ൽ മറുപടിക്ക്

## പ്രമോട്ടർമാർ

ചോദ്യം മറുപടി

ശ്രീ. എ.കെ.ബാലൻ :

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പ്രമോട്ടർമാരായി എത്രപേർ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | 1007 പേർ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പട്ടികവർഗ്ഗക്കാരിൽ അവബോധമുളവാക്കുക, വികസന പദ്ധതികൾ ഫീൽഡ് തലത്തിൽ എത്തിക്കുക,വകുപ്പും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ഏജൻസികൾ വഴി നടത്തുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യവും പ്രയോജനവും അർഹതപ്പെട്ടവരിൽ എത്തിക്കുക എന്നിവയാണ് പ്രമോട്ടർമാരുടെ ഉത്തരവാദിത്വങ്ങൾ. |
| (ബി) | ഇതിൽ എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ട എത്രപേർ ഉണ്ട്; ഇവരുടെ വേതനം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കു- മോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയാണ് എസ്.ടി പ്രൊമോട്ടർമാരായി നിയമിക്കുന്നത്. ഇവരുടെ പ്രതിമാസ ഓണറേറിയം 2500/-രൂപയിൽ നിന്നും 4000/-രൂപയായി വർദ്ധിപ്പിച്ച് 2012 ജനുവരി മാസം മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇവരുടെ നിയമനം താൽക്കാലികവും നിയമനം ലഭിച്ചതു മുതൽ ഒരു വർഷക്കാലത്തേയ്ക്കു മാത്രവുമാണ്. പ്രൊമോട്ടർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണന- യിലില്ല. |

സെക്ഷൻ ഓഫീസർ